LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വസതി ഉപയോഗിക്കാത്ത മന്ത്രിമാർ

12 (7568) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വസതികൾ ഉപയോഗിക്കാത്ത മന്ത്രിമാർ എത്ര പേരുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വീടുമോടിപിടിപ്പിക്കുവാൻ സർക്കാർ പണം വിനിയോഗിക്കാത്ത മന്ത്രിമാർ എത്ര പേരുണ്ട് ;

(സി) അവരുടെ പേരുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ വസതി ഉപയോഗിക്കാത്ത മൂന്ന് മന്ത്രിമാരുണ്ട്. പേര് വിവരവും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

1. ശ്രീ. രമേശ് ചെന്നിത്തല

   (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

2. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

   (പൊതുമരാമത്ത് വകുപ്പുമന്ത്രി)

3. ശ്രീ. വി.എസ്. ശിവകുമാർ

   (ആരോഗ്യം-ദേവസ്വം വകുപ്പുമന്ത്രി)

(ആഭ്യന്തര-വിജിലൻസ് വകുപ്പുമന്ത്രി സ്വന്തം വസതിയിൽ താമസിക്കുന്നു. ആരോഗ്യം-ദേവസ്വം വകുപ്പുമന്ത്രി 2012 ഒക്ടോബർ മാസം മുതൽ 2012 ഡിസംബർ മാസം വരെ സർക്കാർ വസതിയിൽ താമസിച്ചുവെങ്കിലും ഇപ്പോൾ സ്വന്തം വസതിയിൽ താമസിക്കുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രി വാടക മന്ദിരത്തിലാണ് താമസിക്കുന്നത്.)

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

അഖിലേന്ത്യാ സർവ്വീസിലുൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ തസ്തികകൾ

13 (7569) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെടുന്ന ഉദ്യോസ്ഥരുടെ എത്ര തസ്തികകളാണ് ഓരോ വിഭാഗത്തിലുമായി സംസ്ഥാനത്ത് നിലവിലുള്ളത് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രപേർ കേന്ദ്ര ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് കേരളത്തിലേക്കു വന്നുവെന്ന് വ്യക്തമാക്കുമോ ; ആരെല്ലാം?

ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ സംസ്ഥാനത്ത് നിലവിലുള്ള തസ്തികകളുടെ എണ്ണം :

ഐ.എ.എസ്.	-	157
ഐ.പി.എസ്.	-	111
ഐ.എഫ്.എസ്.	-	78

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് കേരളത്തിലേക്ക് വരുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

ഐ.എ.എസ്.	-	22
ഐ.പി.എസ്.	-	10
ഐ.എഫ്.എസ്.	-	9

വിശദാംശം അനുബന്ധം -1 ൽ ചേർക്കുന്നു.*

സർക്കാർ ധനസഹായത്താൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ

14 (7570) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ (എൻ.ജി.ഒ.) ഉണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിച്ചതെന്നാണെന്നും ഈ ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിച്ചതിനു ശേഷം ഇതുവരെയായി ഗവൺമെന്റിൽനിന്നും എത്ര തുക സഹായവും നിക്ഷേപവുമായി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ ഫൗണ്ടേഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ഇതിലെ അംഗങ്ങൾ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംഘടനകളുടെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്ന സമയത്ത് സർക്കാർ ഫണ്ട് ലഭ്യമാകുന്നതായുള്ള വിവരങ്ങൾ പ്രത്യേകമായി നൽകണമെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly